പറഞ്ഞതു അടിസ്ഥാനരഹിതമാണ്. അതിലേക്കു ഞാൻ കടക്കുന്നില്ല. എന്തായാലും സർ, ഇതിനു ഉത്തരവാദികളായ ഒരു സർക്കിൾ ഇൻസ്പെക്ടറെയും രണ്ടു സബ് ഇൻസ്പെക്ടർമാരെയും ഒരു കോൺസ്റ്റബിളിനെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതിനകം മറ്റുള്ള ആളുകളെ സംബന്ധിച്ച പരേഡു നടത്തി. ഐഡിൻറിഫൈ ചെയ്ത അവരുടെ പേരിൽ നടപടി സ്വീകരിക്കുകയാണ്.....(ബഹളം).....
ഇതിനു പുറമെ.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്റ്റേറ്റ്മെൻറ് പൂർത്തിയാക്കട്ടെ.....(ബഹളം).....

ശ്രീ. കെ. കരുണാകരൻ : എന്താണ് ഇത്ര ക്ഷമകേട് ? ഇക്കാര്യത്തിൽ അവരുടെ പേരിൽ ക്രിമിനൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. ഇതിനു പുറമെ റവന്യൂബോർഡു മെമ്പറെക്കൊണ്ട് അതിൻെറ മറ്റു വശങ്ങളെക്കുറിച്ചും അന്വേഷിക്കും. ഇതിൽനിന്നും ഒരാളെപോലും രക്ഷപ്പെടാൻ അനുവദിക്കുകയില്ല. ഇത്തരം നീചമായ നടപടികൾ—മേലധികാരികളുടെ നിർദ്ദേശത്തിന് വിപരീതമായി പ്രവർത്തിക്കുന്ന സാഹചര്യം കേരളത്തിൽ അനുവദിക്കുകയില്ല എന്നു വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആരുടെയും നിർബന്ധം കൂടാതെ, ഈ ഗവൺമെൻറ് ഇത്തരം അഴിഞ്ഞാട്ടം ഒരു കാരണവശാലും അനുവദിക്കുകയില്ലായെന്നു ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

V റിപ്പോർട്ട് സമർപ്പണം

(1) 1986-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(2) 1986-ലെ ഗാന്ധിജി സർവ്വകലാശാലാ (രണ്ടാം ഭേദഗതി) ബില്ലിനെപറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(3) 1986-ലെ കേരള സഹകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(4) കേരള വനം (ഭേദഗതി) ബിൽ, 1986-നെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(5) 1986-ലെ കേരള കമാൻഡ് ഏരിയാ വികസന ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ,

1. 1986-ലെ സർവ്വകലാശാല, നിയമങ്ങൾ (ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. 1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ) : സർ, 1. 1986-ലെ കേരള സഹകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. സർ, കേരള വനം (ഭേദഗതി) ബിൽ, 1986-നെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

Minister for Law & Irrigation (**Shri K.M. Mani**) :

Sir, I present the report of the Subject Committee on the Kerala Command Areas Development Bill, 1986.

VI ധനകാര്യം

1986-87-ലെ സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, 1986-87-ലെ സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. അതിനുവേണ്ടിയാണ് ഇപ്പോഴം ഇത് മേശപ്പുറത്ത് വച്ചിരിക്കുന്നത്. ഈ സഭ വിളിച്ചുകൂട്ടിയത് 20-ാം തീയതിയാണ്. 18-ാം തീയതിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. അതും കണ്ടിൻജൻസി ഫണ്ടിൽനിന്നും കോടിക്കണക്കിന് പണം ചെലവ് ചെയ്യാനുള്ള ഓർഡിനൻസാണ് പുറപ്പെടുവിച്ചത്. നിയമസഭ സമൻ ചെയ്യുന്നതിന് നോട്ടീസ് വന്ന ശേഷം പുറപ്പെടുവിക്കുന്ന ഓർഡിനൻസ് ഇംപ്രോപ്പ്രറാണ്. ഈ നടപടി ഇംപ്രോപ്പ്രറായിട്ടുള്ളതാണ്. ഇരുപതാം തീയതി വിളിച്ചുകൂട്ടിയ സഭയുടെ തലേ ദിവസം കോടിക്കണക്കിന് രൂപയുടെ ചെലവ് വരുന്ന കണ്ടിൻജൻസി ഓർഡിനൻസ്, അതും നമ്മുടെ സഞ്ചിത നിധിയിൽനിന്നും, കോടിക്കണക്കിന് രൂപ ചെലവ് ചെയ്യാൻ ഗവൺമെന്റിന് അധികാരം നൽകുന്ന ഒരു ഓർഡിനൻസാണ് 18-ാം തീയതി നിശയുടെ നടുവിൽ പുറപ്പെടുവിച്ചത്. സർ, ഇത് ഈ സഭയോടുള്ള അവഹേളനമാണ്. ഗവൺമെന്റിന് എന്തുകൊണ്ട് 24 മണിക്കൂർ വെയിറ്റ് ചെയ്തുകൂടാ. സഭയ്ക്കുള്ളിൽ ഭൂരിപക്ഷമുണ്ട്. അതുകൊണ്ട് 20-ാം തീയതി ഒരു ബിൽ അവതരിപ്പിച്ച് ചർച്ച ചെയ്തത് ആ പണചെലവ് സംബന്ധിച്ച സഭയുടെ അഭിപ്രായം അറിഞ്ഞശേഷം ഈ കോടിക്കണക്കിന് രൂപ ചെലവ് ചെയ്യുന്നത് അല്ലേ മര്യാദ. ഈ മര്യാദകേട് ഞങ്ങളോട് കാണിക്കണമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സഭയോടുള്ള അനാദരവ് കൊണ്ടല്ല ഈ ഓർഡിനൻസ് കൊണ്ടുവന്നത്. ഇവിടെ അപ്രതീക്ഷിതമായി വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് 10 കോടി രൂപയും ട്രാൻസ്പോർട്ടിന് സെപ്റ്റംബർ മാസം ഓണത്തിന് ബോണസ് കൊടുക്കുന്നതിനുവേണ്ടി 4 കോടി രൂപയും വച്ചിരുന്നു. സഭ പാസ്സാക്കി തന്നത് 15 കോടി രൂപയാണ്. അങ്ങനെയിരുന്ന ഒരു പ്രത്യേക സാഹചര്യത്തിലാണ് സൗജന്യ റേഷൻ കൊടുത്തതുകൊണ്ട് ആ കാശ് കൊടുക്കാതിരുന്നത്. അതിന് ബഡ്ജറ്റിൽ വകയില്ല. അത്യാവശ്യമായി കണ്ടിൻജൻസി ഫണ്ടിൽനിന്നും ഇത് ചെയ്തില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾക്കാകെ റേഷൻ മുടങ്ങുന്ന ഒരു പ്രത്യേക സാഹചര്യം വന്നു. അതുകൊണ്ട് സഭകൂടുന്ന അവസരത്തിൽ ആണെങ്കിൽ ഇത് കൊണ്ടുവന്ന് കഴിഞ്ഞാൽ നാളെ, 10-ാം തീയതി നമ്മൾ സപ്ലിമെന്ററി ബിൽ

LIBRARY ARCHIVES Kerala Legislative Assembly